# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ-5027** **06.02.2014-ൽ മറുപടിക്ക്**

**<u>തെരഞ്ഞെടുപ്പുകളിൽ നിഷേധ വോട്ടുകൾ ഉൾപ്പെടുത്തുന്നതിന് നടപടി</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വരുന്ന തെരഞ്ഞെടുപ്പുകളിൽ സംസ്ഥാനത്ത് നിഷേധ വോട്ടുകൾ ഉൾപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ച ഉചിതമായ തീരുമാനം സംസ്ഥാന തെരഞ്ഞെടുപ്പ് വിഭാഗത്തിന് കൈക്കൊള്ളാൻ വ്യവസ്ഥയുണ്ടോ എന്ന് അിറയിക്കുമോ; | (എ) വരുന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ നിഷേധവോട്ട് ഉൾപ്പെടുത്താൻ ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച ക്ലാസ്സുകളും പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണ പരിപാടികളും ഓൺലൈനായി ലഭിക്കുവാനും ടെലി കോൺഫറൻസിംഗിലൂടെ സംശയ നിവാരണം വരുത്തുന്നതിനും സംവിധാനം ഒരുക്കുന്നതിന് ശ്രമിക്കുമോ ? | (ബി) തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികളുടെ വീഡിയോ പാഠങ്ങളും പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണ പരസ്യങ്ങളും മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. പൊതുജനങ്ങൾക്കുള്ള സംശയ നിവാരണത്തിനായി ഇലക്ഷൻ വകുപ്പിൽ 1950 നമ്പരായുള്ള ടോൾഫ്രീ ടെലിഫോൺ കോൾ സെന്റർ സമ്പ്രദായം പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ